# <u>CCB (AIEEE 2009) വഴി NIT കളിലേയ്ക്ക് പ്രവേശനത്തിനുള്ള ഒന്നാം റൗണ്ട് അലോട്ട്മെൻറ് കിട്ടിയ അപേക്ഷകരുടെ റിമോട്ട് റിപ്പോർട്ടിംഗ് – ജൂലൈ 1–മുതൽ 5 വരെ</u>

CCB (AIEEE 2009) - ൻെറ അഡ്മിഷൻ പ്രക്രിയ യിൽ റെജിസ്റ്റർ ചെയ്ത, ചോയ്സ് ലോക്ക് ചെയ്ത അപേക്ഷകരുടെ ഒന്നാം റൗണ്ട് സീറ്റ് അലോട്ട്മെൻറ് June 30-2009- ന് www.ccb.nic.in- ൽ ലഭിക്കുന്നതാണ്. അപേക്ഷകർ പരീക്ഷാഫലം സി.സി.ബി. വെബ്സൈറ്റിൽ നിന്ന് ഡൗൺ ലോഡ് ചെയ്യേതാണ്. ഒന്നാം റൗണ്ട് അലോട്ട്മെൻറ് കിട്ടിയ അപേക്ഷകർ July 1- മുതൽ 5- വരെയുള്ള് കാലയളവിൽ. CCB (AIEEE 2009) - ൻെറ നിയുക്ത പ്രവേശനകേന്ദ്രത്തിൽ റിപ്പോർട്ട് ചെയേണ്ടതാണ്. അല്ലാത്തപക്ഷം ലഭിച്ച സീറ്റും നഷ്ടപ്പെടുന്നതാണ് കൂടാതെ പിന്നീടുള്ള സീറ്റ് അലോട്ട്മെൻറ് റൗണ്ടുകളിൽ അപേക്ഷകനെ പരിഗണിക്കുന്നതായിരിയ്ക്കില്ല. കേരളത്തിലെ CCB (AIEEE 2009) - ൻെറ ഏക പ്രവേശന കേന്ദ്രം NIT Calicut ആണ്.

പ്രവേശനകേന്ദ്രത്തിൽ റിപ്പോർട്ട്ചെയ്യുമ്പോൾ അപേക്ഷകൻ താഴെ പറയുന്ന ഒറിജിനൽ രേഖകളും, അഡ്മിഷൻ ഫീസിൻെറ രണ്ട് DD കളും കൊണ്ടുവരേണ്ടതാണ്.

1. AIEEE 2009 – അഡ്മിറ്റ് കാർഡും സ്കോർ കാർഡും
2. ജനനത്തീയതി തെളിയിക്കുന്നതിനായി, $10^{th}$ - ക്ലാസ്സിൻെറ സർട്ടിഫിക്കറ്റ്.
3. 10+2 - ൻെറയോ തത്തുല്യ പരീക്ഷയുടേയോ മാർക്ക് ലിസ്റ്റും, പാസ്സ് സർട്ട്ഫിക്കറ്റും.
4. സ്റ്റേറ്റ് ഓഫ് എലിജിബിലിറ്റി തെളിയിക്കുന്നതിനായി 10+2 സർട്ടിഫിക്കറ്റിൽ സ്കൂളിൽൻെറ മേൽവിലാസം ഇല്ലാത്ത പക്ഷം, സ്കൂളിൽ നിന്ന് ലഭിച്ച ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്.
5. കാറ്റഗറി സർട്ടിഫിക്കറ്റ് [www.ccb.nic.in. ൽ നിർദ്ദേശിച്ചപ്രകാരമുള്ള]
6. www.ccb.nic.in. ൽ നിർദ്ദേശിച്ചപ്രകാരമുള്ള വികലാംഗ സർട്ടിഫിക്കറ്റ് [PH - വിഭാഗത്തിൽപ്പെട്ടവർക്ക്]
7. ഇന്ത്യയ്ക്കു പുറത്ത് 10+2 പരീക്ഷ പാസ്സായ അപേക്ഷകരുടെ സ്റ്റേറ്റ് ഓഫ് എലിജിബിലിറ്റി തെളിയിക്കുന്നതിനായി പാസ്സ്പോർട്ട്.
8. National Open School – ൽ നിന്ന് senior secondary certificate ലഭിച്ച state of eligibility തെളിയിക്കുന്നതിനായി, പരീക്ഷാകേന്ദ്രത്തിൻെറ സ്ഥലം രേഖപ്പെടുത്തിയിരിയ്ക്കുന്ന സർട്ടിഫിക്കറ്റ്.

Chairman CCB 2009 ൻെറ പേരിൽ warangal - ൽ മാറാവുന്ന രണ്ട് DD - കൾ (ഒന്ന് 24,000/- രൂപയുടേതും രണ്ടാമത്തേത് 1000/- രൂപയുടേതും)

കുറിപ്പ്: മേലെ പറഞ്ഞിരിക്കുന്ന രേഖകളുടെ രണ്ട് സ്വയം അറ്റസ്റ്റ്ചെയ്ത ഫോട്ടോസ്റ്റാറ്റുകളും, AIEEE 2009 - Application form ൽ പതിച്ച ഫോട്ടോയുടെ രണ്ട് കോപ്പികളുംകൊണ്ടു വരേണ്ടതാണ്. ഒറിജിനൽ സർട്ടിഫിക്കറ്റ് ഹിന്ദിയിലോ, ഇംഗ്ലീഷിലോ അല്ലാത്ത പക്ഷം, അവയുടെ ഇംഗ്ലീഷ്/ഹിന്ദിയിലുള്ള സർട്ടിഫിക്കറ്റ് കൊണ്ടുവരേണ്ടതാണ്. മറ്റ് വിശദവിവരൾക്ക് www.ccb.nic.in സന്ദർശിക്കുവാൻ താൽപര്യപ്പെടുന്നു.